ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE:12.08.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **സംസ്ഥാനത്തിൻറെ പേര് കേരളം എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള ബിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് രാജ്യസഭയിൽ അവതരിപ്പിക്കും. ഖനനനിയന്ത്രണ ഭേദഗതി ബിൽ ഇന്ന് ലോക്സഭയിൽ.**

   Union Home Minister Amit Shah is scheduled to move the Kerala (Alteration of Name) Bill, 2026 for consideration and passing in Rajya Sabha today; In the Lok Sabha the Mines and Minerals (Development and Regulation) Amendment Bill, 2026 will be tabled for consideration and passing.

2. **മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിൻറെ ആത്മകഥ – "ട്രയംഫ് ഓഫ് ദി ഇന്ത്യൻ റിപ്പബ്ലിക്: മൈ ലൈഫ്, മൈ സ്ട്രഗിൾസ്" പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യും.**

   Prime Minister Narendra Modi will release the autobiography of former President Ram Nath Kovind, titled "Triumph of the Indian Republic: My Life, My Struggles", in New Delhi today.

3. **ഇന്ന് കർക്കടക വാവ്; പിതൃസ്മരണയിൽ ബലിയർപ്പിക്കാൻ ആയിരങ്ങൾ; മോക്ഷതീർത്ഥങ്ങളായി കേരളത്തിലെ ക്ഷേത്ര ങ്ങളും സ്നാനഘട്ടങ്ങളും.**

   Karkkadaka Vavu Today; Thousands Offer Ritual Tributes to Ancestors, Temples and Ghats Turn into Moksha Tirthas

4. പാക്-അധീന കശ്മീരിലെ മനുഷ്യാവകാശ ലംഘനങ്ങളിൽ അന്താരാഷ്ട്ര സമൂഹത്തിന്റെ ശ്രദ്ധ പതിയണമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ.

External Affairs Ministry spokesperson Randhir Jaiswal called upon the international community to hold Pakistan accountable for its misdeeds, abuses and gross violations of human rights.

5. വ്യത്യസ്ത പശ്ചാത്തലങ്ങൾ, പൊതുവായ ലക്ഷ്യങ്ങൾ എന്ന പ്രമേയവുമായി ഇന്ന് അന്താരാഷ്ട്ര യുവജനദിനം.

Today is International Youth Day with the theme: Different Contexts, Common Aspirations

6. നൈജീരിയയിൽ നടക്കുന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേട്ടമുയർത്തി ഇന്ത്യ.

India Steps Up Medal Haul at Commonwealth Fencing Championships in Nigeria

## PARLIAMENT TODAY

സംസ്ഥാനത്തിന്റെ പേര് കേരളം എന്ന് മാറ്റാനുള്ള, 2026 ലെ കേരള പുനർനാമകരണ ബിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് രാജ്യസഭയിൽ അവതരിപ്പിക്കും. ബിൽ ലോക്സഭ ഇന്നലെ പാസാക്കി യിരുന്നു. ദേശീയ സഹകരണ വികസന കോർപ്പറേഷൻ നിയമം ഭേദഗതി ചെയ്യാനുള്ള ബിൽ രാജ്യസഭ ഇന്ന് പരിഗണിച്ചേക്കും. ഖനികളുടെയും ധാതുക്കളുടെയും നിയന്ത്രണം സംബന്ധിച്ച ഭേദഗതി ബില്ലും ലോക്സഭ യിൽ അവതരിപ്പിക്കും. അതേസമയം, വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെത്തുടർന്ന് ഇന്നലെയും പാർലമെന്റ് നടപടികൾ തടസ്സ പ്പെട്ടിരുന്നു.

## RS - TRIBUNAL BILL

വിവിധ ട്രൈബ്യൂണലുകളുടെ നിയമനത്തിലും പ്രവർത്തനത്തിലും സുതാര്യതയും ഏകീകൃത സ്വഭാവവും ഉറപ്പാക്കുന്ന 2026-ലെ ട്രൈബ്യൂണൽ പരിഷ്കരണ ബിൽ പാർലമെന്റ് പാസാക്കി. സുപ്രീം കോടതി മുൻ ജഡ്ജിയോ ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസോ അധ്യക്ഷനായ നാഷണൽ

ട്രൈബ്യൂണൽ കമ്മീഷൻ രൂപീകരിക്കാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. രാജ്യത്ത് വേഗത്തിലുള്ള തർക്കപരിഹാരം ഉറപ്പാക്കാൻ പുതിയ നിയമം സഹായിക്കുമെന്ന് കേന്ദ്ര നിയമ സഹമന്ത്രി അർജുൻ റാം മേഘ്‌വാൾ പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## VANDEMATARAM BILL- PRESIDENT

ദേശീയഗീതമായ വന്ദേമാതരത്തിനു ദേശീയ ഗാനമായ ജനഗണമനയ്ക്കു തുല്യമായ നിയമ പരിരക്ഷ നൽകുന്ന ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം. ഇതോടെ വന്ദേമാതരം ആലപിക്കുന്നതു തടസ്സപ്പെടുത്തുകയോ അവഹേളിക്കുകയോ ചെയ്യുന്നത് കുറ്റകരമാകും. 3 വർഷം വരെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടുമോ ലഭിക്കാം. ഇത്തവണ ചുവപ്പ് കോട്ടയിൽ സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ വന്ദേമാതരം ആലപിക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## PM KOVIND AUTOBIOGRAPHY

മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദിന്റെ ആത്മകഥ – "ട്രയംഫ് ഓഫ് ദി ഇന്ത്യൻ റിപ്പബ്ലിക്: മൈ ലൈഫ്, മൈ സ്ട്രഗിൾസ്" പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യും. ശ്രീ രാം നാഥ് കോവിന്ദിന്റെ ബാല്യകാലവും പൊതുജീവിതവും ഇന്ത്യയുടെ 14-ാമത് രാഷ്ട്രപതി പദവിയും ഉൾപ്പെടെയാണ് പുസ്തകത്തിലുള്ളത്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## PM-INDEPENDENCE DAY (INTRO)

വികസിത ഭാരതത്തിനായി പ്രതിജ്ഞയെടുത്ത് അഭിമാനപൂർവ്വം സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. 'ഹർ ഘർ തിരംഗ' പ്രചാരണത്തിന്റെ ഭാഗമായി വീടുകളിൽ ത്രിവർണ്ണ പതാക ഉയർത്തണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

(VOICE)

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## PRESIDENT- SANGEET NATAK AKADEMI

2024, 2025 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും അവാർഡുകളും രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. 115 കലാകാരന്മാർക്കാണ് പുരസ്കാരം നൽകുന്നത്. കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്തും സഹമന്ത്രി റാവു ഇന്ദർജിത് സിംഗും പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## REV MEA (INTRO)

അരുണാചൽ പ്രദേശ് രാജ്യത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് ആവർത്തിച്ച് ഇന്ത്യ. ഇന്ത്യ - ചൈന അതിർത്തി പ്രദേശങ്ങളിൽ സമാധാനവും ശാന്തിയും നിലനിർത്തുന്നതിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. പാക്-അധീന കശ്മീരിലെ മനുഷ്യാവകാശ ലംഘനങ്ങളിൽ അന്താരാഷ്ട്ര സമൂഹത്തിന്റെ ശ്രദ്ധ പതിയണമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ആവശ്യപ്പെട്ടു.

( വോയിസ്.....)

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## INTERNATIONAL YOUTH DAY

ഇന്ന് അന്താരാഷ്ട്ര യുവജനദിനം. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന സാംസ്കാരിക, രാഷ്ട്രീയ പ്രശ്നങ്ങളിലേക്കു വെളിച്ചം വീശുന്നതിനാണ് ഓഗസ്റ്റ് 12 യുവജനദിനമായി ആചരിക്കുന്നത്. 2000 മുതലാണ് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ദിനാചരണം ആരംഭിച്ചത്. ജനസംഖ്യയിൽ 65 ശതമാനത്തിലധികം യുവാക്കളുള്ള ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ ദിനത്തിന് വലിയ പ്രാധാന്യമുണ്ട്. "വ്യത്യസ്ത പശ്ചാത്തലങ്ങൾ, പൊതുവായ ലക്ഷ്യങ്ങൾ" എന്നതാണ് ഈ വർഷത്തെ പ്രമേയം.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## NADDA-TB

രാജ്യത്ത് നിന്ന് ക്ഷയ രോഗം തുടച്ചു നീക്കുന്നതിനായി കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി.

നഡ്ഡ. ക്ഷയരോഗമുക്ത ഭാരത് അഭിയാനുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നും കർണാടകയിൽ നിന്നുമുള്ള ജനപ്രതിനിധികളുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. ക്ഷയരോഗ നിർമാർജ്ജന യജ്ഞത്തിലെ ജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിൽ ജനപ്രതിനിധികൾ നിർണ്ണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര ആരോഗ്യമന്ത്രി വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## JOSHI-KERALA MINISTER

വൈദ്യുതി മന്ത്രി സണ്ണി ജോസഫ് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കേരളത്തിൽ പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഫ്ലോട്ടിംഗ് സോളാർ പദ്ധതികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ഊന്നൽ നൽകണമെന്ന് കേന്ദ്രമന്ത്രി അഭ്യർത്ഥിച്ചു. ഈ സംരംഭങ്ങൾക്ക് കേന്ദ്രത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകുമെന്നും അദ്ദേഹം ഉറപ്പുനൽകി. രാജ്യത്ത് ഇതുവരെ 50 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പ്രധാനമന്ത്രി മുഫ്ത് ബിജിലി ഘർ യോജനയുടെ പ്രയോജനം ലഭിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## KARKKADAKA VAVU

ഇന്ന് കർക്കടക വാവ്. കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ പുലർച്ചെ മുതൽ വാവുബലി തർപ്പണ ചടങ്ങുകൾ ആരംഭിച്ചു. പിതൃപുണ്യം തേടി ലക്ഷക്കണക്കിന് വിശ്വാസികളാണ് ബലിതർപ്പണത്തിനു എത്തുന്നത്. തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രം, വർക്കല പാപനാശം കടപ്പുറം, തിരുമുല്ലവാരം മഹാവിഷ്ണു ക്ഷേത്രം, ആറന്മുള പാർഥസാരഥി ക്ഷേത്രം, പമ്പാത്രിവേണി, നാഗമ്പടം മഹാദേവർ ക്ഷേത്രം, ആലുവ മണപ്പുറം, ഭാരതപ്പുഴയിലെ സ്നാനഘട്ടങ്ങൾ, തിരുനാവായ നാവാമുകുന്ദ ക്ഷേത്രം, തിരുനെല്ലി തുടങ്ങിയ തർപ്പണ കേന്ദ്രങ്ങളിലെല്ലാം വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പോലീസിന്റെ നേതൃത്വത്തിൽ ശക്തമായ സുരക്ഷാ സന്നാഹങ്ങൾ ഏർപ്പെടുത്തിയതിനൊപ്പം കടലോര മേഖലകളിൽ തീരസംരക്ഷണ സേനയുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## KANNUR - VAVU ( INTRO)

കർക്കടക വാവിനോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ബലിതർപ്പണത്തിന് അതിരാവിലെ മുതൽ വൻ ജനത്തിരക്ക്. തിരക്ക് കണക്കിലെടുത്ത് കർശന സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ. ശശിധരൻ...

(വോയിസ്....)

## T SIDHIQUE -PTA

കൃഷി മന്ത്രി ടി. സിദ്ദിഖ് ഇന്ന് പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ നാശ നഷ്ടമുണ്ടായ പ്രദേശങ്ങൾ സന്ദർശിക്കും. തിരുവല്ലയിൽ കർഷകരും പാടശേഖര പ്രതിനിധികളുമായും ചർച്ചനടത്തും. നിരണം പഞ്ചായത്ത് കൃഷിഭവൻ, കൊമ്പൻകേരി അരിയോടിച്ചാൽ പാടശേഖരം, പെരിങ്ങര പഞ്ചായത്ത് കൃഷിഭവൻ, വേങ്ങൽ, കൈപ്പാള കിഴക്ക്, നെടുമ്പുറം പഞ്ചായത്ത് കൃഷിഭവൻ, കല്ലിങ്കൽ, ഓട്ടാപ്പിസ് പാലം എന്നിവിടങ്ങൾ സന്ദർശിക്കും. ഉച്ചയ്ക്ക് ഒന്നിനു കളക്ടറേറ്റിൽ അവലോകന യോഗവും ചേരും.

## COMMONWEALTH FENCING

നൈജീരിയയിലെ ലാഗോസിൽ നടക്കുന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ മികച്ച മെഡൽ നേട്ടവുമായി ഇന്ത്യ. ആദ്യ ദിനം 17 മെഡലുകൾ നേടിയ ഇന്ത്യൻ ഫെൻസർമാർ രണ്ടാം ദിനവും മികച്ച പ്രകടനം കാഴ്ചവെച്ചു. ഇന്നലെ നടന്ന സീനിയർ പുരുഷ വിഭാഗം മത്സരങ്ങളിൽ കരൺ സിങ്ങും ഷെർജിൻ ശാന്തിമോളും ഇന്ത്യയ്ക്കായി സ്വർണ്ണ മെഡലുകൾ നേടി.

## SEBI ISSUES REVISED GUIDELINES

ലിസ്റ്റ് ചെയ്ത മുനിസിപ്പൽ കടപ്പത്രങ്ങളുള്ള മുനിസിപ്പാലിറ്റികൾ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ സാമ്പത്തിക വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധിയിൽ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ ഇളവുകൾ പ്രഖ്യാപിച്ചു. പുതിയ നിർദ്ദേശപ്രകാരം, അർദ്ധവാർഷിക

അൺഓഡിറ്റഡ് സാമ്പത്തിക റിപ്പോർട്ടുകൾ സമർപ്പിക്കാനുള്ള സമയപരിധി 45 ദിവസത്തിൽ നിന്ന് 60 ദിവസമായി ഉയർത്തി. വാർഷിക ഓഡിറ്റഡ് സാമ്പത്തിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 60 ദിവസത്തിൽ നിന്ന് 90 ദിവസമായും നീട്ടിയിട്ടുണ്ട്. വിവര ശേഖരണം, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം എന്നിവയിൽ മുനിസിപ്പാലിറ്റികൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് ഈ തീരുമാനമെന്ന് സെബി വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## MOON BASE PROGRAMME

ഇന്ത്യൻ ബഹിരാകാശ ഏജൻസിയായ ഐ.എസ്.ആർ.ഒയെ മൂൺ ബേസ് പദ്ധതിയിൽ പങ്കാളിയാകാൻ ക്ഷണിച്ച് നാസ. ഇന്ത്യയിലെ യു.എസ്. എംബസിയാണ് ഇക്കാര്യം അറിയിച്ചത്. ആർട്ടെമിസ് ഉടമ്പടിക്ക് കീഴിൽ ഇന്ത്യയും യു.എസും തമ്മിലുള്ള ബഹിരാകാശ രംഗത്തെ പങ്കാളിത്തം ദൃഢമാക്കുന്നതിന്റെ ഭാഗമായാണ് ഈ നീക്കമെന്ന് യു.എസ്.എംബസി വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸